## തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (പി എച്ച്) നടപടിക്രമം

വിഷയം: ആ.വ.ഡ. – ജീവനക്കാര്യം – എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഫിസിയോതെറാപ്പിസ്റ്റ് (ജനറൽ) തസ്തികയിൽ താൽക്കാലിക നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) 09-12-2020 തീയതിയിലെ തിരുവനന്തപുരം ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസറുടെ 1-2020/248 നമ്പർ കത്ത്

**ഉത്തരവ് നം. ഇ ജി 2 /87165 /2020 ആ.വ.ഡ. തീയതി 12-02-2021**

ആരോഗ്യ വകുപ്പിലേയ്ക്ക് താൽക്കാലികാടിസ്ഥാനത്തിൽ ഫിസിയോതെറാപ്പിസ്റ്റ് (ജനറൽ) തസ്തികയിൽ നിയമിക്കുന്നതിനായി തിരുവനന്തപുരം ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസറുടെ മേൽ പരാമർശ കത്ത് പ്രകാരം ലഭ്യമായ ഉദ്യോഗാർത്ഥികളുടെ പട്ടികയുടെ അടിസ്ഥാനത്തിൽ നടത്തിയ അഭിമുഖത്തിൽ തെരഞ്ഞെടുക്കപ്പെട്ട ചുവടെ പേര് ചേർക്കുന്ന ഉദ്യോഗാർത്ഥികളെ 1958 ലെ KS&SSR ജനറൽ ചട്ടം 9(a)(1) പ്രകാരം Rs. **32300- 68700** ശമ്പള നിരക്കിൽ ഫിസിയോതെറാപ്പിസ്റ്റ് (ജനറൽ) തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവാകുന്നു. ഈ നിയമനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരം നിയമനങ്ങൾക്കോ അതു പ്രകാരമുള്ള ആനുകൂല്യങ്ങൾക്കോ ഇവർക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

ടി ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ച് **179** ദിവസം തികയുന്ന മുറക്കോ അല്ലെങ്കിൽ പി.എസ്.സി. മുഖേന ഒഴിവ് നികത്തപ്പെടുന്ന മുറക്കോ ഏതാണോ ആദ്യം വരുന്നത് എന്ന ക്രമത്തിൽ ടി തസ്തികയിൽ നിന്ന് ഈ ഉദ്യോഗാർത്ഥികളെ സേവനത്തിൽ നിന്നും സ്ഥാപന മേധാവികൾ വിടുതൽ ചെയ്യേണ്ടതും വിടുതൽ ചെയ്ത വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം സ്ഥാപന മേധാവി മുമ്പാകെ ചുവടെ പറയുന്ന രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1. പേര്, മേൽവിലാസം, ജനന തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ്
2. ഗസറ്റഡ് ഓഫീസറിൽ നിന്ന് വാങ്ങിയ സ്വഭാവ സർട്ടിഫിക്കറ്റ്
3. എംപ്ലോയ്മെന്റ്കാർഡ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
4. സർക്കാർ സർവ്വീസിലുള്ള സിവിൽ സർജൻ / കൺസൾട്ടന്റ് റാങ്കിൽ കുറയാത്ത ഡോക്ടറിൽ നിന്നുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.

**<u>നിയമനം നൽകിയ ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ</u>**

| Sl. No. | Name & Address | Employment Registration No | DOB | Posted at |
|---|---|---|---|---|
| 1. | Aneeja.N.V<br>Narmada,<br>Karakkattuvila,<br>Pakaloor, Pallichal.P.O,<br>Nemom-695020<br>(CATEGORY- OPEN PY ) | 01-13/1000<br>22-03-2013 | 01-06-1989 | General Hospital<br>kozhikode |
| 2. | Binny.B<br>SB Bhavan,<br>Viraly,<br>Kulathoor,<br>Uchakkada.P.O,<br>Thiruvananthapuram-<br>695506<br>(CATEGORY- OPEN PY) | 01-11/876<br>04-03-2011 | 27-05-1988 | District Hospital.<br>Kannur |
| 3. | Rajani.B.Raveendran<br>Leela Sadanam,<br>Nalumukku,<br>Perunkuzhy.P.O,<br>Thiruvananthapuram-<br>695305<br>(CATEGORY- OPEN NPY) | 1-10/1840<br>18-05-2010 | 09-12-1985 | District Hospital<br>Mananthavady<br>(Wayanad) |

| | | | | |
|---|---|---|---|---|
| 4. | Anu Sankar.P<br>Thachayil House,<br>Tharayilkadavu,<br>Valiazheeckal.P.O,<br>Alappuzha<br>(CATEGORY- OPEN NPY) | 1-06/1360<br>322610<br>22-05-2006 | 07-03-1983 | General Hospital.<br>Thalasseri ,kannur |
| 5. | Anitha Paul<br>Santhi Nivas,<br>Mukkad Nagar 67,<br>Kavanadu.P.O,<br>Kollam-691003.<br>(CATEGORY- LC /AI PY) | 1-2019/8964<br>322610<br>30-11-2019 | 17-12-1993 | District<br>Hospital. Idukki |
| 6. | Aneesh.M<br>M.J. Bhavanam,<br>Karakkavila.P.O,<br>Pazhaya Uchakkada,<br>Thiruvananthapuram-695506<br>CATEGORY- OBC NPY) | 1-16/730<br>322610<br>09-02-2016 | 04-04-1992 | General Hospital.<br>Thalasseri ,kannur |
| 7. | Sivasambath.S<br>Upasana (VH 102),<br>Upper Meridian Road,<br>Kuravankonam,<br>Kowdiar.P.O,<br>Thiruvananthapuram-695003<br>(CATEGORY- SC NPY) | 1-10/4777<br>322610<br>27-11-2010 | 18-03-1982 | District Hospital.<br>Kanjangad, Kasargodu |

ടി ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ട ശേഷം മാത്രമേ സ്ഥാപനമേധാവികൾ ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ തെറ്റായി നാമനിർദ്ദേശം ചെയ്തതായി തെളിയുന്ന പക്ഷം ബന്ധപ്പെട്ട വ്യക്തിക്ക് വിശദീകരണം നൽകാൻ ന്യായമായ ഒരു അവസരം നൽകിയശേഷം അപ്രകാരം നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ ഉടനെതന്നെ പിരിച്ച് വിടുന്നതായിരിക്കും.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള ഔദ്യോഗിക രേഖയായി കണക്കാക്കാവുന്നതാണ്.

ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി സ്ഥാപന മേധാവികൾ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**(ഒപ്പ്)**

**ഡോ. വി മീനാക്ഷി .**
**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പി എച്ച്)**

സ്വീകർത്താവ്:

ഉദ്യോഗാർത്ഥികൾ

പകർപ്പ്:

1) ആരോഗ്യ വകുപ്പ് ഡയറക്ടർ (സി.എ. മുഖാന്തിരം)
2) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), , കോഴിക്കോട് , ഇടുക്കി വയനാട്, കണ്ണൂർ, കാസർഗോഡ്
3) ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4) ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ, തിരുവനന്തപുരം
5) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
6) ഫയൽ / കരുതൽ ഫയൽ

**//ഉത്തരവിൻ പ്രകാരം //**

**സീനിയർ സൂപ്രണ്ട്**